# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 20/05/ 2020

## മാസ്ക് ധരിക്കാത്തവർക്കെതിരെ കർശന നടപടികളുമായി സിറ്റി പോലീസ്

കൊല്ലം : കൊവിഡ്-19 വ്യാപനം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ മാസ്ക് ധരിക്കുന്നു എന്നുറപ്പാക്കാൻ നഗരത്തിലും പട്ടണത്തിലും പോലീസ് ഏർപ്പെടുത്തിയ സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ പരിശോധനയിൽ പൊതുസ്ഥലത്ത് മാസ്ക് ധരിക്കാത്തതു മായി ബന്ധപ്പെട്ട് 76 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. പൊതുസ്ഥലങ്ങ ളിൽ മാസ്ക് ധരിക്കുന്നത് പ്രോത്സാഹിപ്പിക്കന്നതിനായി പോലീസ് ആരംഭിച്ച **"ബാസ്ക് ഇൻ ദി മാസ്ക് "** ക്യാമ്പയിൻ തുടരുന്നു.ഇതിന്റെ ഭാഗമായി മാസ്ക് ധരിക്കാത്തവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ബോധവൽക്കരണം നടത്തി സൗജന്യമായി മാസ്ക്കുകൾ നൽകുകയും ചെയ്ത് വരുന്നു. റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിരീക്ഷണവും നിയന്ത്രണവും ശക്തമാക്കി. ലോക്-ഡൗൺ നിബന്ധനകൾ ലംഘിച്ചതിന് 20 കേസുകൾ രജിസ്റ്റർ ചെയ്ത് 28 പേരെ അറസ്റ്റ് ചെയ്തു.13 വാഹനങ്ങൾ പിടിച്ചെടുത്തു. പ്രതിഷേധ പരിപാടികളിൽ പങ്കെടുത്തതിന് കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ 10 പേരെ അറസ്റ്റ് ചെയ്തു.സർക്കാർ നിർദേശിച്ച ഹോം ക്വാറന്റൈനിലും ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും കഴിയുന്നവർ ക്വാറന്റൈൻ നിഷ്കർഷകൾ പാലിക്കുന്നുണ്ട് എന്നും ക്വാറന്റൈൻ കേന്ദ്രത്തിൽ നിന്നും പുറത്ത് പോകുന്നില്ല എന്നും ഉറപ്പ് വരുത്തുന്നതിനായി ബൈക്ക് പട്രോളിംഗ് ഉൾപ്പെടെയുള്ള ശക്തമായ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിയതായി സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.